കയർ വ്യവസായ വികസനം

* 208 [732] ശ്രീ. എൻ. വാസുദേവൻ പിള്ള:
,, വി. ശ്രീധരൻ } താഴെക്കാണുന്ന

ചോദ്യങ്ങൾക്കു് വ്യവസായ മന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ വ്യവസായ വികസനം സംബന്ധിച്ചു് ഗവണ്മെൻറു് ആവിഷ്കരിച്ചിട്ടുള്ള സ്കീം സംസ്ഥാനത്തു് ഏതെങ്കിലും ഭാഗത്തു് നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഈ സ്കീം നടപ്പിൽ വരുത്തുന്നതിനും വരുന്ന കാലതാമസത്തിനുള്ള കാരണം വെളിപ്പെടുത്താമോ;

(സി) ഒരു പ്രധാന കയർപിരി കേന്ദ്രമായ ചിറയിൻകീഴു് താലൂക്കിൽ ഈ സ്കീമിൻറെ ഭാഗമായി എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശമുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതു എന്തെന്നു വെളിപ്പെടുത്തുമോ ?

വ്യവസായ മന്ത്രി (ശ്രീ. ടി, വി. തോമസു്):

(എ) ഉണ്ടു്. കയർ വ്യവസായ വികസനപദ്ധതിയിലെ ഒരു പ്രധാന ഭാഗമായി "കേരള സ്റ്റേറ്റു് കയർ കോർപ്പറേഷൻ ലിമിറ്റഡു്" രജിസ്റ്റർ ചെയ്തു് പ്രാഥമിക പ്രവർത്തനങ്ങൾ ആരംഭിച്ചു തുടങ്ങിയിട്ടുണ്ടു്.

(ബി) കേന്ദ്രഗവണ്മെൻറിൽ നിന്നുമുള്ള ധനസഹായത്തെക്കുറിച്ചു് അവസാനതീരുമാനമാകാത്തതിനാലാണു് ഈ പദ്ധതി മുഴുവനായി നടപ്പിലാക്കുന്നതിനു കാലതാമസം ഉണ്ടാകുന്നതു്.

(സി, ഡി) തൽക്കാലം ഒരു പ്രോജക്ടു് പ്രദേശത്തെങ്കിലും പ്രവർത്തനം തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ടു്. പ്രദേശം ഏതെന്നു തീരുമാനിച്ചിട്ടില്ല.

(iii) UNSTARRED QESTIONS AND ANSWERS

മണത്തന–കൊട്ടിയൂർ റോഡു്

47 [787] ശ്രീ. എം. എം. തോമസ്സു്: താഴെക്കാണുന്ന ചോദ്യങ്ങൾക്കു് മരാമത്തു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ഡിസ്ട്രിക്ടിൽ മണത്തന–കൊട്ടിയൂർ റോഡു് പണി തീർക്കുന്നതിനു വല്ല നിവേദനവും ലഭിച്ചിട്ടുണ്ടോ ;

(ബി) ഹിന്ദുക്കളുടെ ഒരു പ്രധാന തീർത്ഥാടനകേന്ദ്രമായ കൊട്ടിയൂർ അമ്പലത്തിൻറെ പ്രാധാന്യത്തെ പരിഗണിച്ചും ഈ പ്രദേശത്തുള്ള ആയിരക്കണക്കിനു് കുടിയേറ്റക്കാരുടെ ബുദ്ധിമുട്ടുകളെ പരിഗണിച്ചും ഈ റോഡിൻറെ പണി അടിയന്തിരമായി ചെയ്തു തീർക്കുന്നതിനു് സർക്കാർ ശ്രദ്ധിക്കുമോ ?

ഉത്തരം

(എ) ഉണ്ടു്.

(ബി) പ്രസ്തുത റോഡിൻറെ പണി അടുത്ത കൊല്ലത്തെ ബഡ്ജറ്റിലുൾപ്പെടുത്താൻ ചീഫു് എഞ്ചിനീയർക്കു് നിർദ്ദേശം കൊടുത്തിട്ടുണ്ടു്.

LIBRARY ARCHIVES, Kerala Legislative Assembly